## പതിമൂന്നാം കേരളനിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 1978** **18.06.2013 ൽ മറുപടിയ്ക്ക്**

## റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതി പ്രകാരം വൈദ്യുതി ഉല്പാദനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) എത്ര റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റുകൾ ഇതിനകം സ്ഥാപിച്ചിട്ടുണ്ട്; ഇതിലൂടെ എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചിട്ടുണ്ട്; | (എ) ഇതിനകം 1032 പവർ പ്ലാന്റുകൾ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. ഒരു പ്ലാന്റിൽ നിന്ന് ഒരു ദിവസം ഏകദേശം 4 യൂണിറ്റ് വൈദ്യുതി ഉത്പാദനം സാധ്യമാവും. |
| (ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; ഇതിൽ എത്ര അപേക്ഷകൾ തെരെഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്; | (ബി) പ്രസ്തുത പദ്ധതി നടപ്പാക്കാനായി 12/6/2013 വരെ 11104 അപേക്ഷകൾ അനെർട്ടിൽ ലഭിച്ചിട്ടുണ്ട്. ഈ അപേക്ഷകരിൽ നിന്നും മുൻഗണനാക്രമത്തിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലസൗകര്യങ്ങളുള്ള 10000 ഗുണഭോക്താക്കളുടെ വീടുകളിലാണ് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുക. |
| (സി) പ്രസ്തുത പദ്ധതി നടപ്പാക്കിയവർക്കുള്ള സബ്സിഡി വിതരണം ചെയ്തിട്ടുണ്ടോ; എത്ര തുകയാണ് സബ്സിഡിയായി നൽകുന്നത് എന്ന് വ്യക്തമാക്കുമോ? | (സി) കൃത്യതയോടെ പ്ലാന്റ് സ്ഥാപിച്ച് റിപ്പോർട്ട് അനെർട്ടിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധന നടത്തിയശേഷമാണ് സബ്സിഡി നൽകുന്നത്. 92,262/- രൂപയാണ് സബ്സിഡിയായി നൽകുന്നത്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**